**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 437** **05-12-2022 - ൽ മറുപടിയ്ക്ക്**

**കുട്ടികളിൽ ലഹരിവസ്തുക്കളുടെ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുട്ടികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻ കാലങ്ങളെ അപേക്ഷിച്ച് കണ്ടെടുക്കുന്ന മയക്കുമരുന്ന് കേസുകളിൽ കുട്ടികൾ ഉൾപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. |
| (ബി) | കുട്ടികൾ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ 5 വർഷങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ ജില്ല തിരിച്ച് വിശദമാക്കാമോ; | (ബി) | ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് 21 വയസ്സിന് താഴെ പ്രായം ഉള്ളവർക്കെതിരെ കഴിഞ്ഞ 5 വർഷങ്ങളിൽ തിരുവനന്തപുരം 11, കോട്ടയം 103, ഇടുക്കി 27, എറണാകുളം 95, തൃശ്ശൂർ 5, പാലക്കാട് 41, കോഴിക്കോട് 3, കണ്ണൂർ 1, കാസർഗോഡ് 1 എന്നിങ്ങനെ ആകെ 287 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |
| (സി) | സംസ്ഥാനത്തെ ഉൾനാടൻ ഗ്രാമങ്ങളിലടക്കം വർദ്ധിച്ചുവരുന്ന കഞ്ചാവ്-മയക്കുമരുന്ന് കച്ചവടം തടയാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ? | (സി) | വർദ്ധിച്ചുവരുന്ന കഞ്ചാവ്-മയക്കുമരുന്ന് കച്ചവടം തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും, അതോടൊപ്പം വിവിധ വകുപ്പുകളുമായും മറ്റ് സാമൂഹിക സാംസ്കാരിക സംഘടനകളുമായി ചേർന്ന് വിവിധ തലങ്ങളിലായി ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. കൂടാതെ മയക്കുമരുന്നുകളുടെ ഉപയോഗം കുറയ്ക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ രൂപീകരിച്ച ജനകീയ കമ്മിറ്റികളുമായി ചേർന്നും ബോധവൽക്കരണ പ്രവർത്തനങ്ങളും, വിവരശേഖരണവും നടത്തിവരുന്നു. ആദിവാസി, തീരദേശ മേഖലകളിൽ യുവാക്കളെയും കുട്ടികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെപ്പറ്റി ബോധവൽക്കരിക്കുന്നതിന് വിമുക്തിയുടെ ഭാഗമായി വിവിധ കായികയിനങ്ങളിൽ പരിശീലനവും മത്സരങ്ങളും നടത്തിവരുന്നു. |

| | | | |
|---|---|---|---|
| | | | 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ച് കൊണ്ട് ലഹരി വിരുദ്ധ പ്രചാരണ പരിപാടി നടപ്പിലാക്കുകയുമുണ്ടായി. പ്രസ്തുത പ്രചാരണ പരിപാടിയിൽ വമ്പിച്ച പൊതുജന പങ്കാളിത്തം ഉണ്ടായതിനെ തുടർന്ന് ആയതിന്റെ തുടർച്ചയായി 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ നീണ്ടുനിൽക്കുന്ന രണ്ടാം ഘട്ട പ്രചാരണ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. ലഹരി മുക്ത നവ കേരളം സൃഷ്ടിക്കുക എന്നതാണ് പ്രസ്തുത പ്രചാരണ പരിപാടിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ